ത്തോടനുബന്ധിച്ച് ശബരിമലയുമായി ബന്ധപ്പെട്ടുള്ള പഞ്ചായത്തുകൾക്കാണ് ഈ ഗവൺമെന്റ് ഗ്രാന്റുകൾ അനുവദിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ ഇടത്താവളങ്ങളിൽ ദേവസ്വം ബോർഡുതന്നെ ആവശ്യമായിട്ടുള്ള നടപടികൾ ക്രമീകരിക്കുന്നുണ്ട്. എന്തായാലും ഇവിടത്തെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി പ്രത്യേക ശ്രദ്ധ ചെലുത്തുന്നതിന് ദേവസ്വം ബോർഡിന് നിർദ്ദേശം നൽകുന്നതാണ്.

(11) പോക്കുവരവ് ചെയ്തു നൽകുന്നതിലെ കാലതാമസം

ശ്രീ. സി. മമ്മൂട്ടി : സർ, കൈമാറ്റം ചെയ്യപ്പെടുന്ന വസ്തുവിന്റെ പോക്കുവരവ് നടത്താത്തതിനെത്തുടർന്ന് സാധാരണക്കാരായ ആളുകൾ കഷ്ടപ്പെടുന്ന വിഷയമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. വീടു വയ്ക്കാൻവേണ്ടി നാലോ അഞ്ചോ സെന്റ് സ്ഥലം വാങ്ങിക്കഴിഞ്ഞാൽ അതിന്റെ പോക്കുവരവ് നടത്തിക്കിട്ടാത്തതു കൊണ്ട് അവർക്ക് കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കാനോ നികുതി അടയ്ക്കാനോ കഴിയുകയില്ല. അതുകൊണ്ട് വീടിന് പ്ലാൻ വരയ്ക്കാനോ കൊടുക്കാനോ വീടു വയ്ക്കാനോ കഴിയുന്നില്ല. ഇങ്ങനെ കഷ്ടപ്പെടുന്ന ഒട്ടേറെ കേസുകൾ തിരൂർ താലൂക്കിൽ പ്രത്യേകിച്ച് റീസർവ്വേ നടന്നിട്ട് ഒൻപതു മാസമായിട്ട് കിട്ടാത്ത വിഷയങ്ങളുണ്ട്. ടി താലൂക്കിൽ റീ-സർവ്വേ നടന്ന വില്ലേജുകളും റീ-സർവ്വേ നടക്കാത്ത വില്ലേജുകളുമുണ്ട്. റീ-സർവ്വേ നടക്കാത്ത വില്ലേജുകളാണ് ഭൂരിപക്ഷവും. റീ-സർവ്വേ പെട്ടെന്ന് നടത്താനുള്ള നടപടി പൂർത്തിയാക്കിയാൽ വളരെ സൗകര്യപ്രദമായിരിക്കും. അങ്ങനെ കൊടുക്കാത്തതു കൊണ്ട് നിസ്സാരമായ പല കാരണങ്ങൾ പറഞ്ഞു മാസങ്ങൾ നീണ്ടുപോകുകയാണ്. ഒരാൾ കൈവശം വച്ച് നികുതിയടച്ചുവരുന്ന ഭൂമിയിൽ നിന്ന് നാലോ അഞ്ചോ സെന്റ് സ്ഥലം ഒരാൾക്ക് വിറ്റാൽ ആ വിറ്റ ഭൂമിക്ക് പോക്കുവരവ് നടത്തിയിട്ടില്ലെങ്കിൽ പിന്നീട് തുടർന്ന് ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ വീടുൾപ്പെടെയുള്ള നിർമ്മാണപ്രവർത്തനം പൂർണ്ണമായി നിന്നിരിക്കുകയാണ്. അടിയന്തരമായി തിരൂർ താലൂക്കിലെ ഇത്തരം വിഷയത്തിൽ ഇടപെട്ട് ഈ മാസം തന്നെ പട്ടയം ലഭിക്കാതെ പെൻഡിംഗിൽ കിടക്കുന്ന സ്ഥലത്തിന് സമയബന്ധിതമായി ഡിസംബർ 31-ന് മുമ്പ് തീർക്കുന്നതിനുവേണ്ടി നിർദ്ദേശം കൊടുക്കണം. ഒപ്പം ഇതുപോലെ റവന്യൂവുമായി ബന്ധപ്പെട്ട ഒരുപാട് വിഷയങ്ങളുണ്ട്. ജനങ്ങളുമായി ബന്ധപ്പെട്ട വിഷയമെന്ന നിലയ്ക്ക് ബഹുമാനപ്പെട്ട മന്ത്രി ഒരു അദാലത്ത് നടത്തിക്കൊണ്ട് എല്ലാ ജില്ലയിലും പോയി പ്രശ്നങ്ങൾ അപ്ഡേറ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, 1966-ലെ പോക്കുവരവ് ചട്ടങ്ങൾപ്രകാരവും അതോടനുബന്ധിച്ചുള്ള ഉത്തരവുകളും സർക്കുലറുകളും പ്രകാരവുമാണ് നിലവിൽ പോക്കുവരവ് സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നത്. പോക്കുവരവ് അനുവദിക്കുന്നതിന് വില്ലേജ് ഓഫീസുകളിൽ നിന്ന് ലഭിക്കുന്ന അപേക്ഷകളിന്മേൽ മുൻഗണനാക്രമത്തിലാണ് നടപടികൾ സ്വീകരിച്ചുവരുന്നത്. സബ്ഡിവിഷൻ ഇല്ലാത്ത കേസുകൾക്ക് വില്ലേജ് ഓഫീസർക്ക് പോക്കുവരവ് അനുവദിക്കുന്നതിന് അധികാരം നൽകിയിട്ടുണ്ട്. സബ്ഡിവിഷൻ ഉള്ള കേസുകളിൽ വില്ലേജാഫീസർ അനുബന്ധ രേഖകൾ തയ്യാറാക്കി ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർക്ക് സമർപ്പിക്കുകയും തുടർന്ന് അഡീഷണൽ തഹസീൽദാർ പോക്കുവരവ് അനുവദിക്കുകയും ചെയ്തുവരുന്നു. ആധാരം രജിസ്റ്റർ ചെയ്ത് അപ്പീൽ കാലാവധിയായ 30 ദിവസം കഴിഞ്ഞാണ് പോക്കുവരവ് അനുവദിക്കുന്നത്. ഈ അപ്പീൽ കാലാവധി സംബന്ധിച്ച വ്യവസ്ഥ ഭേദഗതി ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. യാതൊരു കാരണവശാലും പോക്കുവരവ് നാലുമാസത്തിൽ കൂടുതൽ തീർപ്പാക്കാതെ മാറ്റി വയ്ക്കാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അതിർത്തി തർക്കം, കോടതിക്കേസുകൾ, ബാങ്കുകളിലോ സഹകരണ സ്ഥാപനങ്ങളിലോ ഭൂമി പണയപ്പെടുത്തിയിട്ടുള്ളവ മുതലായ കേസുകളിൽ ആധാരം രജിസ്റ്റർ ചെയ്ത് പോക്കുവരവിന് ഹാജരാക്കുമ്പോൾ വിശദമായ അന്വേഷണം വേണ്ടിവരുന്നു. അത്തരം കേസുകൾ ബാധ്യതയോ, കോടതി നടപടികളോ, മറ്റ് അറ്റാച്ച്മെന്റുകളോ ഇല്ലായെന്ന് ഉറപ്പാക്കി മാത്രമേ പോക്കുവരവ് അനുവദിക്കാറുള്ളൂ. പോക്കുവരവ് ചെയ്തു നൽകുന്നതിന് കാലതാമസം നേരിടുന്നുവെന്നും ഇതുമൂലം വസ്തു ഉടമകൾക്ക് പ്രയാസം നേരിടുന്നു എന്നുമുള്ള വ്യാപകമായ പരാതികൾ ശ്രദ്ധയിൽ വന്നിട്ടില്ല. പോക്കുവരവ് താമസിക്കുന്നതു കൊണ്ട് സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടാകുന്നതായി കാണുന്നില്ല. അർഹതയുള്ള കേസുകളിൽ കക്ഷി ഹാജരായില്ലെങ്കിൽ പോലും നിശ്ചിത കാലാവധിക്കുശേഷം പോക്കുവരവ് അനുവദിക്കാമെന്നും പോക്കുവരവ് ഫീസ് ഭൂനികുതിയോടൊപ്പം സ്വീകരിക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ കാലതാമസം നേരിട്ട കേസുകളിൽ പോക്കുവരവ് അനുവദിക്കുന്ന സമയത്ത് പോക്കുവരവ് ഫീസ് ഈടാക്കുന്നതിനാൽ സർക്കാരിന് വരുമാന നഷ്ടം ഉണ്ടാകുന്നതല്ല. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് കേരളത്തിൽ 14 ജില്ലകളിൽ എല്ലാ മേഖലകളിലും ഇതുപോലുള്ള പരാതികൾ

LIBRARY ARCHIVES Kerala Legislative Assembly

നിലനിൽക്കുന്നുണ്ട്. മാത്രമല്ല, റവന്യൂവുമായി ബന്ധപ്പെട്ടുകൊണ്ട് പരാതികൾ ലഭിച്ചിട്ടുള്ളതിന് തീരുമാനങ്ങൾ കൈക്കൊള്ളുന്ന കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നുണ്ട് എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട് എന്ന് ഞാൻ ഈ സഭയിൽ നേരത്തെ പറഞ്ഞിരുന്നതാണ്. ഈ വരുന്ന ജനുവരി മാസത്തിൽ 14 ജില്ലകളിലും അദാലത്തുകൾ സംഘടിപ്പിക്കുകയാണ്. പോക്കുവരവ് ഉൾപ്പെടെയുള്ള, സമയപരിധി കഴിഞ്ഞിട്ടുള്ള കേസുകൾ ഉൾപ്പെടെ അപേക്ഷകൾ കെട്ടിക്കിടക്കുന്നത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആ അദാലത്തുകൾ സ്വീകരിക്കുകയാണ്. മുതിർന്ന ഉദ്യോഗസ്ഥന്മാരുടെയും ജില്ലാ കളക്ടർമാരുടെയും യോഗം ഇതിനോടകം തന്നെ വിളിച്ചുചേർത്തിരുന്നു. ആ യോഗത്തിനുശേഷം അത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയുള്ള മുന്നൊരുക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ജനുവരി മാസത്തിൽത്തന്നെ 14 ജില്ലകളിലും അദാലത്തുകൾ സംഘടിപ്പിച്ചുകൊണ്ട് കേരളത്തിലെ റവന്യൂവും സർവ്വേയുമായി ബന്ധപ്പെട്ട് കെട്ടിക്കിടക്കുന്ന കേസുകൾക്ക്/പരാതികൾക്ക് പരിഹാരമുണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ ഞാൻ അറിയിക്കുകയാണ്.

(12) പട്ടയം നൽകൽ

<u>ശ്രീമതി ഇ. എസ്. ബിജിമോൾ:</u> സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ 21316 പട്ടയങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്. ഏതാണ്ട് എല്ലാ നിയോജക മണ്ഡലങ്ങളിലും പട്ടയമേള നടന്നിട്ടുണ്ട്. പീരുമേട് നിയോജക മണ്ഡലത്തിലെ ആളുകൾക്ക് പട്ടയം കിട്ടാത്ത ഒരു സാഹചര്യം ഉണ്ട്. കഴിഞ്ഞ പട്ടയമേളയിൽ 1866 പേർക്ക് പട്ടയം വിതരണം ചെയ്തപ്പോൾ പീരുമേട് നിയോജകമണ്ഡലത്തിലെ ഒരാൾക്കുപോലും പട്ടയം കിട്ടുന്ന സാഹചര്യം ഉണ്ടായില്ല. പട്ടയത്തിന്റെ സർവ്വേ നമ്പരുകൾ തെറ്റായി രേഖപ്പെടുത്തിയതുമൂലം യഥാർത്ഥ ഉടമസ്ഥന് പട്ടയം ലഭിക്കാത്ത സാഹചര്യമുണ്ടായി. ഓഫർ ഓഫ് അസൈൻമെന്റ് ലഭിച്ചിട്ട് പട്ടയം ലഭിക്കാതെ നില്ക്കുന്നവരും ട്രഷറിയിൽ പണം അടച്ചിട്ട് പട്ടയത്തിനുവേണ്ടി കാത്തുനില്ക്കുന്നവരും ഉണ്ട്. അതുപോലെതന്നെ ട്രഷറിയിൽ പണം അടയ്ക്കാൻവേണ്ടി നോട്ടീസ് കിട്ടിയിട്ട് പണം അടയ്ക്കാൻ ചെല്ലുമ്പോൾ അടയ്ക്കാൻ പറ്റാത്തവരും ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞ് പട്ടയത്തിനുവേണ്ടി കാത്തു നില്ക്കുന്നവരുമുണ്ട്. മിച്ചഭൂമി പട്ടയം കയ്യിലുണ്ടായിട്ടും സ്ഥലം അളന്നു കൊടുക്കാത്ത സാഹചര്യമുള്ള ആളുകളുമുണ്ട്. പത്തുചെയിൻ

LIBRARY ARCHIVES Kerala Legislative Assembly